(ബി) ഉണ്ടെങ്കിൽ ഇ.എസ്.ഐ. പദ്ധതിയുടെ പൂർണ്ണ നിയന്ത്രണം സംസ്ഥാന ഗവൺമെന്റിൽനിന്നും മാറുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഇ.എസ്.ഐ. പദ്ധതിയുടെ പൂർണ്ണ നിയന്ത്രണം സംസ്ഥാന ഗവൺമെന്റിൽനിന്നും മാറി ഇ.എസ്.ഐ. കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നിർദ്ദേശത്തോട് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ പരിഗണനയിൽ ഇപ്പോൾ ഇല്ല.

മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി

34 [2226] ശ്രീ. വി. പി. രാമകൃഷ്ണപിള്ള:
,, എ. വി. താമരാക്ഷൻ:
,, ബാബു ദിവാകരൻ:
,, ടി. നാണു മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വ്യവസായങ്ങളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പുതുക്കി നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം പല സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നില്ല എന്നുള്ള പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും മിനിമം വേതനം നിശ്ചയിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) അഞ്ചു വർഷം കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത എത്ര വ്യവസായങ്ങൾ സംസ്ഥാനത്തുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചുവടെ ചേർത്തിട്ടുള്ള തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയുണ്ടായി.

1. എംപ്ലോയ്മെൻറ് ഇൻ സിനിമാ തീയേറ്റേഴ്സ്.
2. കൺസ്ട്രക്ഷൻ ആൻറ് മെയിൻറനൻസ് ഓഫ് റോഡ്സ് ആൻറ് ബിൽഡിംഗ് ഓപ്പറേഷൻ.

LIBRARY ARCHIVES Kerala Legislative Assembly

3. ഫോറസ്റ്റ്.

4. ലിക്വർ ട്രേഡിംഗ് ആൻറ് ലിക്വർ വെൻഡിംഗ്.

5. മാച്ച് ഇൻഡസ്ട്രി.

6. മാനുഫാക്ചർ ഓഫ് ആയുർവേദിക് ആൻറ് അലോപ്പതിക് മെഡിസിൻസ്.

7. പ്രൈവറ്റ് ഹോസ്പിറ്റൽസ്, ഡിസ്പെൻസറീസ് ആൻറ് ഫാർമസീസ്.

8. റബർ ക്രീപ്പ് മിൽസ്.

9. ഷോപ്സ്, ഹോട്ടൽസ് ആൻറ് റെസ്റ്റോറൻറ്സ് ആൻറ് ലോഡ്ജസ്.

10. റബ്ബർ, കോഫി ആൻറ് കാർഡമം പ്ലാൻേറഷൻസ്.

11. കയർ ഇൻഡസ്ട്രി.

12. കൈത്തറി (മാസ ശമ്പളം)

13. കാഷ്യൂ ഇൻഡസ്ട്രി. ഇതിനു പുറമേ ഓട്ടു തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) ഉണ്ട്.

(സി) മിനിമം വേജസ് നടപ്പിലാക്കാത്ത സ്ഥാപനങ്ങളിൽ അത് കർശനമായും നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും മിനിമം വേതനം നിശ്ചയിക്കുന്ന കാര്യം സർക്കാരിൻെറ പരിഗണനയിലില്ല.

(ഇ) അഞ്ച് വർഷം കഴിഞ്ഞിട്ടും മിനിമം വേതനം പുതുക്കി നിശ്ചയിക്കാത്ത വ്യവസായങ്ങൾ ചുവടെ ചേർക്കുന്നു:

1. അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ്.

2. ബീഡി ആൻറ് സിഗാർ ഇൻഡസ്ട്രി.

3. ബ്രിക്സ് മാനുഫാക്ചറീസ്.

4. ക്ലൈംബിംഗ് ഓഫ് ആർക്കനട്ട് ട്രീസ് ആൻറ് ഡയറി ഫാമിംഗ്.

5. ഫിഷ് പീലിംഗ് ആൻറ് ഫിഷ് കാനിംഗ്, ഫ്രീസിംഗ് ആൻറ് എക്സ്പോർട്ടിംഗ് ഓഫ് സീ ഫുഡ്സ് ആൻറ് ഫ്രോഗ് ലഗ്സ്.

6. ഹാൻറ്ലിംഗ് ആൻറ് കെയർ ഓഫ് എലിഫൻറ്സ്.

7. ഹാൻറ്ലൂം ഇൻഡസ്ട്രി.

8. ഹിൽ പ്രൊഡ്യൂസ് ഇൻഡസ്ട്രി.

9. ഫോസ്യറി മാനുഫാക്ചറിംഗ്.

10. മാനുഫാക്ചർ ഓഫ് അബ്രല്ലാസ്.

LIBRARY ARCHIVES Kerala Legislative Assembly

11. മൈനർ സ്പോർട്സ്.
12. മൈനർ എഞ്ചിനീയറിംഗ് ഇൻഡസ്ട്രി.
13. ഓയിൽ മില്ലിംഗ് ഇൻഡസ്ട്രി.
14. പവ്വർലൂം ഇൻഡസ്ട്രി.
15. റൈസ് മിൽസ്, പ്ലോർ മിൽസ് ഓർ ദാൽ മിൽസ്.
16. റബർ പ്രൊഡക്ടസ് ഇൻഡസ്ട്രി.
17. സ്റ്റോറേജ് ബ്രേക്കിംഗ്, സ്റ്റോറേജ് ക്രഷിംഗ്.
18. ടാനറീസ് ആൻറ് ലതർ മാനുഫാക്ചറിംഗ്.
19. ടോഡി ടാപ്പിംഗ് ഇൻഡസ്ട്രി.
20. ടിമ്പർ ആൻറ് പ്ലൈവുഡ് ഇൻഡസ്ട്രി.
21. ടൈൽ ഇൻഡസ്ട്രി.
22. പ്രിൻറിംഗ് ഇൻഡസ്ട്രി.

ഇതിൽ ഓടു വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള അന്തിമ നടപടികൾ സ്വീകരിച്ചുവരുന്നു. ചെത്തുവ്യവസായ തൊഴിലാളികളുടെ കൂലി നിർണ്ണയിക്കുന്ന കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കർഷക തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്ന കമ്മിറ്റിയുടെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്. ബീഡി, സിഗാർ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

ഡയറി ഫാമിംഗിലെയും അടക്കാമരം കയറ്റത്തൊഴിലാളികളുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ബ്രിക്സ് മാനുഫാക്ച്ചറീസിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ എടുത്തു കഴിഞ്ഞു.

എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചതായി പരാതി

35 [2227] ശ്രീ. സി. കെ. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഹോസ്റ്റൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട മിനിമം വേജസ് ആക്ട്, മറേണിറ്റി ബനിഫിറ്റ് ആക്ട്, കമേർസ്യൽ എസ്റ്റാബ്ലിഷ്മെൻറ് ആക്ട് എന്നിവ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുന്ന എൻ.എസ്.എസ്. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ മാനേജ്മെൻറിനെതിരെ എന്തു നടപടികളാണ് എടുത്തിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly